**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 262** **04-10-2021 - ൽ മറുപടിയ്ക്ക്**

**മുൻഗണനാ റേഷൻ കാർഡുകളുടെ വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | **Shri G R Anil**<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് അനർഹരായവർക്ക് മുൻഗണനാ റേഷൻ കാർഡുകൾ നൽകാൻ ഇടയായ സാഹചര്യം വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് കേന്ദ്ര ഭക്ഷ്യ ഭദ്രതാ നിയമം, 2013 നടപ്പിലാക്കിയപ്പോൾ, ഉണഭോക്താക്കൾ പ്രീപോപ്പുലേറ്റഡ് ഫോമുകളിൽ നൽകിയ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് കാർഡുകൾ വിതരണം ചെയ്തത്. വിശദമായ പരിശോധനയിൽ പ്രസ്തുത പട്ടികയിൽ അനർഹർ കടന്നുകൂടിയതായി കണ്ടെത്തുകയും അനർഹമായി മുൻഗണനാ കാർഡുകൾ കൈവശം വച്ചവരെ കണ്ടെത്തി പൊതു വിഭാഗത്തിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയും ചെയ്യുന്നു. ഇപ്രകാരം 6.67 ലക്ഷം മുൻഗണനാ കാർഡുകൾ നാളിതുവരെ പൊതുവിഭാഗത്തിലേക്ക് മാറ്റിയിട്ടുണ്ട്. അർഹരായ കുടുംബങ്ങൾക്ക് 12000-ത്തോളം എ.എ.വൈ കാർഡുകളും 1,20,000-ത്തോളം പി.എച്ച്.എച്ച് കാർഡുകളും ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നൽകിയിട്ടുണ്ട്. എ.എ.വൈ കാർഡുകൾ നൽകിയതിന്റെ സംസ്ഥാനതല ഉദ്ഘാടനം ആഗസ്റ്റ് 9-നും പി.എച്ച്.എച്ച് കാർഡ് നൽകിയതിന്റെ സംസ്ഥാനതല ഉദ്ഘാടനം സെപ്റ്റംബർ 29-നും നടന്നു. മുൻഗണനാ കാർഡുകളുടെ താലൂക്കുതല വിതരണം സെപ്റ്റംബർ 30, ഒക്ടോബർ 1,2,3 തീയതികളിലായി നടന്നു. മുൻഗണനാ പട്ടികയുടെ ശുദ്ധീകരണം ഒരു തുടർ പ്രക്രിയയാണ്. മാനദണ്ഡങ്ങൾക്ക് വിധേയമായി മുൻഗണനാ കാർഡുകൾ പൊതുവിഭാഗത്തിലേക്കും പൊതുവിഭാഗത്തിലുള്ളവർ മുൻഗണനയിലേക്കും മാറ്റപ്പെട്ടുകൊണ്ടിരിക്കും. |
| (ബി) | ഓഫീസുകൾ കേന്ദ്രീകരിച്ച് ഇടനിലക്കാർ മുഖേന അനർഹർക്ക് മുൻഗണനാ റേഷൻ കാർഡ് നൽകിയതായുള്ള റിപ്പോർട്ടുകൾ പരിശോധിച്ചിട്ടുണ്ടോ; അതിന്മേൽ അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ കണ്ടെത്തലുകൾ വിശദമാക്കാമോ; | (ബി) | ശ്രദ്ധയിൽപെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | അർഹരായവർക്ക് മുൻഗണനാ കാർഡുകൾ സമയബന്ധിതമായി നൽകാൻ കഴിയാത്തതിന്റെ കാരണങ്ങൾ വിശദമാക്കാമോ? | (സി) | നിലവിൽ പുതിയ റേഷൻ കാർഡ് അനുവദിക്കുന്നത് NP(NS) വിഭാഗത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. മുൻഗണന വിഭാഗത്തിലുൾപ്പെടുത്തുന്നതിന് ബന്ധപ്പെട്ട താലൂക്ക് സപ്ലൈ/സിറ്റി റേഷനിംഗ് ഓഫീസുകളിൽ അപേക്ഷ സമർപ്പിക്കുന്ന പക്ഷം, അദാലത്ത് നടത്തി നിർബന്ധമായും ഉൾപ്പെടുത്തേണ്ടവരുടെയും, ക്ലേശഘടകങ്ങൾക്ക് മാർക്ക് നൽകി 30 ഓ അതിൽ കൂടുതലോ ലഭിക്കുന്ന കുടുംബങ്ങളുടെയും സപ്ലിമെന്ററി പട്ടിക തയ്യാറാക്കി ആയത് സിവിൽ സപ്ലൈസ് ഡയറക്ടറുടെ അംഗീകാരത്തിന് വിധേയമായി ഒഴിവുകൾ ലഭ്യമാകുന്ന മുറയ്ക്ക് സീനിയോറിറ്റി പ്രകാരം മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തി വരുന്നു. കേന്ദ്ര ഭക്ഷ്യ ഭദ്രതാ നിയമം, 2013 പ്രകാരം സംസ്ഥാനത്തിന് മുൻഗണനാ വിഭാഗത്തിലുൾപ്പെടുത്തുന്നതിനുള്ള പരിധി നിശ്ചയിച്ചിരിക്കുന്നത് 1,54,80,040 ആണ്. ആയതിനാൽ അനർഹരെ കണ്ടെത്തി ലഭ്യമാകുന്ന ഒഴിവുകളിൽ മാത്രമേ മേൽപ്പറഞ്ഞ പട്ടികയിൽ നിന്ന് അർഹരെ ഉൾപ്പെടുത്താൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ